## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *359 — 16.12.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലക്ഷാമം


ചോദ്യം

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.കെ.എൻ.എ.ഖാദർ
ശ്രീ.എം.ഉമ്മർ

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)


| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം നല്കാമോ ; | എ) | കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1) പ്രകാരം അനുവദിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് എന്നിവയിലുൾപ്പെടുത്തിയ പദ്ധതികൾ, 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പുതിയ പദ്ധതിയായ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതി, രാജീവ് ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക ഉപയോഗപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ എന്നീ പദ്ധതികളിലൂടെയാണ് കുടിവെള്ള പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്. ഇതിന് പുറമെ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് അനുവദിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം മുഖേനയും കുടിവെള്ള പദ്ധതികൾ പട്ടിക്വർഗ്ഗ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നു. |

<table>
<tr>
<td>ബി)</td>
<td>കോളനി പരിസരങ്ങളിലെ അരുവികൾ മലിനമാകാതിരിക്കാനും ചെറുതടയണകൾ നിർമ്മിച്ച് വേനൽക്കാല ജലദൗർലഭ്യത്തിന് പരിഹാരമുണ്ടാക്കാനുമുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ;</td>
<td>ബി)</td>
<td>ഉണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മുതുകാട് - കുളത്തൂർ കോളനിയിൽ ടി.ആർ.ഡി.എം ഫണ്ട് ഉപയോഗപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചെക്ക് ഡാം നിർമ്മിച്ച് സ്പ്രിംഗ് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. വയനാട് ജില്ലയിൽ അംബ കുടിവെള്ള പദ്ധതി പ്രകാരം തടയണ നിർമ്മിച്ച് കോളനികളിൽ ജലം എത്തിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു കൂടാതെ. മൂവാറ്റുപുഴയിലെ കുട്ടമ്പുഴ താലൂക്കിൽ പിണവൂർക്കുടിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ കരുവണശേരി കോളനിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>സി)</td>
<td>നിലവിൽ എത്ര പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ?</td>
<td>സി)</td>
<td>വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
<table>
<tr><th>ശുദ്ധ ജല പദ്ധതികൾ പ്രവർത്തനക്ഷമമായ കോളനികളുടെ എണ്ണം</th><th>ബന്ധപ്പെട്ട പ്രോജക്ടാഫീസ്, ഐ.ടി.ഡി.പി/ പട്ടികവർഗ്ഗ വികസന ആഫീസ്</th></tr>
<tr><td>6</td><td>റാന്നി</td></tr>
<tr><td>1</td><td>കാഞ്ഞിരപ്പള്ളി</td></tr>
<tr><td>22</td><td>തൊടുപുഴ</td></tr>
<tr><td>35</td><td>ചാലക്കുടി</td></tr>
<tr><td>58</td><td>പാലക്കാട്</td></tr>
<tr><td>89</td><td>അട്ടപ്പാടി</td></tr>
</table>
</td>
</tr>
</table>

| | | | | |
|---|---|---|---|---|
| | | | 9 | നിലമ്പൂർ |
| | | | 11 | കോഴിക്കോട് |
| | | | 34 | കണ്ണൂർ |
| | | | 54 | കാസർഗോഡ് |
| | | | 62 | മാനന്തവാടി |
| | | | 58 | പുനലൂർ |
| | | | 4 | ടി.ആർ.ഡി.എം പുനരധിവാസ മേഖലകൾ |
| | | | 14 | കൽപ്പറ്റ |
| | | | 67 | സുൽത്താൻബത്തേരി |

Haripriya

സെക്ഷൻ ഓഫീസർ